# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1785 — 04.10.2011-ൽ മറുപടിക്ക്.

### മലബാറിലെ യാത്രാക്ലേശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | മലബാറിലെ തീവണ്ടിയാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോഴിക്കോട് ഭാഗത്തു നിന്നും ബാംഗ്ലൂർ, ചെന്നെ, ഹൈദ്രാബാദ്, തിരുവനന്തപുരം പ്രദേശങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നവർക്കു വേണ്ടി കൂടുതൽ തീവണ്ടികൾ ഏർപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | **(ബി) & (സി)** | സംസ്ഥാനത്ത് നിന്നും ബാംഗ്ലൂർ, കൊൽക്കൊത്ത, ഹൈദ്രാബാദ് മുംബൈ, ന്യൂഡൽഹി , ഗോവ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പുതിയ ട്രയിനുകൾ അടിയന്തിരമായി തുടങ്ങണമെന്നും, 2011-12 ലെ റയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 12 ട്രെയിനുകൾ എല്ലാം എത്രയും വേഗം സർവ്വീസ് ആരംഭിക്കണമെന്നും 19.9.2011 ലെ ഉന്നതതല യോഗത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര റയിൽ മന്ത്രിക്കുമുമ്പാകെ സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങളിലുൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാ ട്രെയിനുകളും തുടങ്ങുവാൻ പരമാവധി ശ്രമിക്കുമെന്ന് റയിൽവേ അധികൃതർ മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ആവശ്യങ്ങൾ നേടിയെടുക്കുവാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ.